നം. സിഇഇ/343/2010/എം.എസ്.സി.എൻ./റ്റി.എ.4

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

**പത്രക്കുറിപ്പ്**

**ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്)**
**കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2010-11**
**അഡ്മിറ്റ് കാർഡ് ലഭിക്കുന്നത് സംബന്ധിച്ച്**

**19.09.2010 (ഞായറാഴ്ച)** തിരുവനന്തപുരം കേന്ദ്രമായി നടത്തുന്ന എം.എസ്.സി. നഴ്സിംഗ് പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡ് **17.09.2010 (വെള്ളിയാഴ്ച) രാവിലെ 10 മണി മുതൽ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ് സൈറ്റായ **cee-kerala.org** ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഔദ്യോഗിക വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ വിദ്യാർത്ഥിയുടെ അപേക്ഷയിൽ നൽകിയിട്ടുള്ള പേരും ജനനതീയതിയും കൃത്യമായി നൽകിയതിനു ശേഷം പ്രിന്റ് ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.09.2010